II ഇ. ബി. XIV - കേരള നിയമസഭ/IX- 7

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ഫെബ്രുവരി 06, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22(*211) ഭൂഗർഭ ജല സംരക്ഷണ നടപടികൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അടുത്ത സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ ജലലഭ്യത കുറവുള്ളതും ജലനിരപ്പ് കുറഞ്ഞു വരുന്നതുമായ കുഴൽക്കിണറുകളിൽ കൃത്രിമ ഭൂജല സംപോഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂജലം വിനിയോഗത്തിനുള്ള നിരാക്ഷേപ പത്രങ്ങൾ നൽകുന്നത് സംബന്ധിച്ച് കേന്ദ്ര

സർക്കാർ പുറപ്പെടുവിച്ച കരട് മാർഗ്ഗ നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന ഭൂജല അതോറിറ്റി നിയോഗിച്ച സാങ്കേതിക സമിതി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ തുടർ നിയമ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ചും കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട നിബന്ധനകൾ ലഘൂകരിക്കുന്നത് സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തുകയും ഭൂഗർഭജലത്തിൽ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നതിനായി ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയമത്തിൽ ഇളവ് നൽകുന്നില്ലെന്നും വ്യാവസായികാവശ്യങ്ങൾക്കായി കുഴൽക്കിണറുകളിൽ നിന്നും ജലമെടുക്കുന്നതിലും ഫ്ലാറ്റ് നിർമ്മാണത്തിന് വാട്ടർ കണക്ഷൻ നൽകുന്നതിലുമുള്ള നിയന്ത്രണങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും അമിത ജലചൂഷണം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണെന്നും കിണറുകളിലെ ഭൂജല നിരപ്പിന്റെ അവസ്ഥ അതാത് സമയം നിർണ്ണയിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജല സ്രോതസ്സ് കണ്ടെത്തുന്നതിനായി സൂക്ഷ്മപരിശോധന നടത്തുന്നതിന് ഭൂഗർഭജല അതോറിറ്റിക്ക് നിർദ്ദേശം നൽകുകയും ഭൂജലം സംപോഷിപ്പിക്കുന്നതിനായി ഹരിത കേരളം പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും

ചെയ്യുന്നതാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകൾ വൃത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മഴക്കാലത്ത് റിഗ്ഗുകളിലേയ്ക്ക് വാട്ടർ റീചാർജ്ജ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ജല ദൗർലഭ്യമുള്ള നദികളിൽ റെഗുലേറ്ററുകളും ചെക്ക് ഡാമുകളും നിർമ്മിക്കാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23(*212) <u>ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജല അതോറിറ്റി വിതരണം നടത്തുന്ന വെള്ളത്തിന്റെ ഒരു ഭാഗം ചോർച്ച കാരണം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനങ്ങളും പുറമെ കാണപ്പെടാത്ത ചോർച്ചകൾ കണ്ടുപിടിക്കുന്നതിന് ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പ്ലാൻ ഫണ്ട്, ആസ്തി വികസന ഫണ്ട്, കിഫ്ബി, അമൃത് പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ 24X7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണെന്നും തിരുവനന്തപുരം നഗരത്തിൽ

പുതിയ ജല ശുദ്ധീകരണശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്തെ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുവാൻ വിവിധ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്മാർട്ട് മീറ്ററും ഫ്ലോമീറ്ററും സ്ഥാപിക്കുകയും സ്മാർട്ട് ഓഫീസ് നിർമ്മിക്കുകയും ചെയ്യുന്നതിലൂടെ കുടിവെള്ള വിതരണം സ്മാർട്ടാക്കുന്നതാണെന്നും കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയുക്തമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഇന്നവേറ്റീവ് സോൺ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കുടിവെള്ള പദ്ധതികൾ കമ്മിഷൻ ചെയ്യാൻ സാധിക്കാത്തത് സംബന്ധിച്ചും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പി.ഡബ്ല്യു.ഡി. കരാറുകാർ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നത് സംബന്ധിച്ചും കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമൂലം മുടങ്ങിക്കിടക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾ കിഫ്ബി, സ്റ്റേറ്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ചും പരിശോധിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി തടസ്സങ്ങൾ പരിഹരിച്ച് നടപ്പിലാക്കുന്നതിനും കുലശേഖരപുരം, തൊടിയൂർ, തഴവ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ സാദ്ധ്യതകൾ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കരാറുകാർക്ക് കുടിശ്ശിക

തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ജല ദൗർലഭ്യം രൂക്ഷമായ നദികളിൽ തടയണകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വാമനപുരം നദിയിലെ തടയണ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും വരൾച്ചാ പ്രദേശത്ത് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചോ ടാങ്കർ ലോറി വഴിയോ കുടിവെള്ളമെത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24(*213) <u>ക്ഷീരകർഷകരുടെ ക്ഷേമം</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിക്കുകയും കാലിത്തീറ്റ ധനസഹായം അനുവദിക്കുകയും പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തുവെന്ന് സഭയെ അറിയിച്ചു. ക്ഷീര മേഖലയിലെ യന്ത്രവൽക്കരണത്തിനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ധനസഹായം അനുവദിക്കുകയും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുകയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിക്കുകയും ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളുകയും വരൾച്ച നേരിടുന്നതിനായി അടിയന്തര സഹായം

അനുവദിക്കുകയും ചെയ്തതിലൂടെ ക്ഷീരോല്പാദക മേഖലയിൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുകയും നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ, ഗോസമൃദ്ധി എന്നീ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുകയും സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീരഗ്രാമം, ഡെയറി സോൺ പദ്ധതികൾ കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി, ഹീഫർ പാർക്ക് പദ്ധതി എന്നിവ നടപ്പിലാക്കുമെന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ചെക്ക്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെന്നും പാറശാല, ആര്യങ്കാവ് എന്നിവിടങ്ങളിൽ ചെക്ക്പോസ്റ്റുകൾ അടിയന്തരമായി ആരംഭിക്കുമെന്നും ബാക്കിയുള്ള സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുമെന്നും മന്ത്രി അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പ്രോത്സാഹന ധനസഹായ പദ്ധതിക്ക് ഏർപ്പെടുത്തിയിരിക്കുന്ന വരുമാനപരിധിയിൽനിന്നും ക്ഷീരകർഷകരെ ഒഴിവാക്കുന്നതിനും പാൽ വില കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ക്ഷീരമേഖലയെ കാർഷികവൃത്തിയിൽ ഉൾപ്പെടുത്തുന്നതിന്

കേന്ദ്രസർക്കാരിന്റെ അനുമതി നേടിയെടുക്കുന്നതിന് പരിശ്രമിക്കുമെന്നും ആസിയാൻ കരാറിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് ഇറക്കുമതി ചെയ്യുന്നവയിൽനിന്നും പാലും പാലുൽപ്പന്നങ്ങളും ഒഴിവാക്കുന്നതിനായി കേന്ദ്രമന്ത്രിക്ക് കത്തയച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2544 മുതൽ 2846 വരെയുള്ള ചോദ്യങ്ങളിൽ 227 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)